## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 886** **25.01.2018-ന് മറുപടിയ്ക്ക്**

## സർക്കാർ കണക്കനുസരിച്ചുള്ള വനഭൂമി

**ചോദ്യം** **മറുപടി**

**ശ്രീ. പി.കെ.ശശി**

**ശ്രീ. കെ. രാജു**
**(ബഹു. വനവും-മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | 2006-11 ലെയും 2011-16 ലെയും സർക്കാരുകൾ അധികാരമൊഴിയുമ്പോൾ സർക്കാർ കണക്കനുസരിച്ചുള്ള വനഭൂമി എത്രയായിരുന്നുവെന്നും നിലവിൽ എത്രയെന്നും വ്യക്തമാക്കുമോ; | (എ) | 2006-11 ലെയും 2011-16 ലെയും സർക്കാരുകൾ അധികാരമൊഴിയുമ്പോൾ സർക്കാർ കണക്കനുസരിച്ചുള്ള വനഭൂമിയും നിലവിലെ വനഭൂമിയും 11,30,947.54 ഹെക്ടർ ആണ്. |
| (ബി) | പ്രസ്തുത സർക്കാർ കാലയളവുകളിൽ കണ്ടെത്തിയ വനഭൂമിയിൽ കൈയ്യേറ്റം എത്രയായിരുന്നു എന്നും ഇതിൽ നിന്നും ഓരോ സർക്കാരുകളും എത്ര കൈയ്യേറ്റ വനഭൂമി ഏറ്റെടുത്തു സർക്കാരിൽ നിക്ഷിപ്തമാക്കി എന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത സർക്കാർ കാലയളവുകളിൽ കണ്ടെത്തിയ വനം കയ്യേറ്റത്തിന്റേയും ഓരോ സർക്കാരുകളും ഏറ്റെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കിയ വനഭൂമിയുടെ കണക്ക് സംബന്ധിച്ച വിവരങ്ങളും ശേഖരിച്ചു വരുന്നു. |
| (സി) | വനഭൂമി കൈയ്യേറ്റവും ഒഴിപ്പിക്കലും സംബന്ധമായ എത്ര കേസ്സുകൾ നിലവിൽ വിവിധ കോടതി മുമ്പാകെയുണ്ടെന്നും ഇതിൽ ഉൾപ്പെട്ട വനഭൂമി എത്ര എന്നും വ്യക്തമാക്കുമോ; | (സി) | വനഭൂമി കയ്യേറ്റവും, ഒഴിപ്പിക്കലും സംബന്ധമായ 258 കേസ്സുകൾ നിലവിൽ വിവിധ കോടതി മുമ്പാകെയുണ്ട്. ഇതിൽ ഉൾപ്പെട്ട വനഭൂമി 729.9529 ഹെക്ടറാണ്. |
| (ഡി) | കഴിഞ്ഞ സർക്കാരിന്റെ കോടതി വ്യവഹാരങ്ങളിൽ വന്ന പാളിച്ചകൾ കാരണം പ്രസ്തുത കാലയളവിൽ എത്ര വനഭൂമി സർക്കാരിന് നഷ്ടമായി; ഇവ തിരിച്ചുപിടിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ? | (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോടതി വ്യവഹാരങ്ങളിൽ വന്ന പാളിച്ചകൾ കാരണം വനഭൂമി ഒന്നും തന്നെ സർക്കാരിന് നഷ്ടമായിട്ടില്ല. |

സെക്ഷൻ ഓഫീസർ